63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 956 Participant Code: 341

# ഇറാനിൽനിന്നുള്ള ഗായിക

ഒരു യൂട്യൂബ് കൺസേർട്ടിന്റെ വെള്ളിവെളിച്ചത്തിൽ
അവളുടെ വിധി നിശബ്ദം എഴുതപ്പെടുന്നു.
അവളുടെ പാട്ടിന്റെ കമ്പികളിൽ
ജീവൻ അനുസ്യൂതം സ്നാനം ചെയ്യുന്നു.
മരണത്തിന്റെ അഴിമുഖത്തെ ആ വില്ലോമരത്തിൽ
ഒരു ഹിജാബ് തൂങ്ങിക്കിടക്കുന്നു.
സ്ക്രോൾ ചെയ്യുന്ന വിരലുകൾ
അവളുടെ ചോരയിൽ ഉടക്കിവലിക്കുന്നു.
ഭാഷകൾക്കപ്പുറം അവൾ നിവരുന്നു.
"എന്റെ പേര് ജിൻ. എന്റെ പേര് ജിയാൻ. എന്റെ
പേര് ആസാദി."

സ്ക്രീനിൽ വയലിനുകൾ പൊട്ടുമ്പോൾ
അവളുടെ ചിരി പരന്നൊഴുകുന്നു.
പണ്ടേ നിലച്ച ചില വസന്തകാലങ്ങൾ

അവളുടെ വാക്കുകളിൽ മിണ്ടുന്നു.
അവളുടെ പാട്ടിന്റെ അനന്തതയിൽ
ഗോപുരങ്ങൾ ആടിയുലയുന്നു.
തിരമാലകൾ സ്വാതന്ത്ര്യത്തിന്റെ തീരത്തേക്ക്
അവളെ നോക്കി ആഞ്ഞടിക്കുന്നു.
ഒരു ബുർഖയിൽ തടഞ്ഞുവീണ കുട്ടിക്കാലം
അവളുടെ ഓർമയിൽ ചെറിപ്പൂവായി അമരുന്നു
അവൾ പാടുന്ന രാത്രിയെ നോക്കി
അമ്പിളിക്കല കണ്ണു തുടയ്ക്കുന്നു.

സൂര്യകാന്തിവിത്തുകൾ പാകിയ മനസ്സിൽ
സമരത്തിന്റെ ഇടിനാദമുദിക്കുന്നു.
ഉയിർപ്പിന്റെ മിനാരങ്ങളിൽ
നിലാവു തോർന്നിട്ടും പാട്ടു പെയ്തുകൊ-
ണ്ടിരിക്കുന്നു.
ഉടുപ്പിനടിയിൽ എഴുന്നുനിൽക്കുന്ന അ-
സ്ഥികൾ
മരണത്തിന്റെ നഗ്നതയെ നോക്കിച്ചിരി-

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 956 Participant Code: 341

ക്കുന്നു.
അവളുടെ കണ്ണുകളിലൊരു തീപിടിച്ച മഴവില്ല്
കടലിലേക്കു പാഞ്ഞുപോകുന്നു.
വൻകരകളിലെല്ലാം
അവൾ പേരെഴുതുന്നു.

ഏകാന്തതയുടെ മണലാരണ്യങ്ങളിൽ
അവൾ ആയിരം പേരായി ഉണരുന്നു.
ഘടികാരത്തിന്റെ അനന്തനിദ്രയിലെവിടെയോ
കാലം അവളെ സ്വപ്നം കണ്ടു ഞെട്ടുന്നു.
സ്ക്രീനുകൾ തകർത്ത കച്ചേരി
പാടങ്ങളിൽ കാറ്റായി അലയുന്നു.
മഴയിലത് സത്യമായി നിറയുന്നു.
ചെന്നായ്ക്കളുടെ കണ്ണിലെ ചന്ദ്രനായി
അതു മെല്ലെ അനശ്വരത പ്രാപിക്കുന്നു.
വിലങ്ങിട്ട കൈകളുയർത്തി
അവൾ കൊടിമരത്തോളമുയരുന്നു.
ചുവട്ടിലൊരു പെൺകുഞ്ഞപോൽ

5/1/2025

Item Code: 956 Participant Code: 341

കീറിയ ഹിജ്ജാബിനടിയിൽ നിന്നും
താളത്തിൽ ചിരിക്കുന്നു:
"ജിൻ. ജിയാൻ. ആസാദി!"

* ജിൻ, ജിയാൻ, ആസാദി - "സ്ത്രീ, ജീവിതം,
സ്വാതന്ത്ര്യം."